മുല്ലപ്പെരിയാർ പ്രശ്നം: കെ.എസ്.എസ്.പി.യു. പ്രകടനംനടത്തി

പാലക്കാട്: മുല്ലപ്പെരിയാർപ്രശ്നത്തിൽ കേന്ദ്രസർക്കാർ ഇടപെടുക, പുതിയഡാം നിർമിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ പാലക്കാട് ടൗൺബ്ലോക്ക്കമ്മിറ്റി അഞ്ചുവിളക്ക് പരിസരത്തുനിന്ന് ഹെഡ്പോസ്റ്റോഫീസ് പരിസരംവരെ പ്രകടനംനടത്തി. ജില്ലാസെക്രട്ടറി കെ.പി.രാമകൃഷ്ണൻ ഉദ്ഘാടനംചെയ്തു. ബ്ലോക്ക്പ്രസിഡൻറ് എസ്.എസ്.കണ്ടമുത്തൻ അധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.പി.യു. ജില്ലാകമ്മിറ്റിയംഗം ബി.വിജയൻ, ബ്ലോക്ക്സെക്രട്ടറി കെ.ഭാസ്കരൻ, എം.ചന്ദ്രശേഖരൻ തുടങ്ങിയവർ പ്രസംഗിച്ചു.

കെ.എസ്.എസ്.പി.യു. പാലക്കാട് ടൗൺ ബ്ലോക്ക്കമ്മിറ്റിയുടെ നേതൃത്വത്തിൽനടന്ന പ്രകടനം ജില്ലാസെക്രട്ടറി കെ.പി.രാമകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു

സായാഹ്നധർണ ഇന്ന്

പാലക്കാട്: മുല്ലപ്പെരിയാർ ഡാം 30 ലക്ഷം ജനങ്ങളുടെ ജീവന് ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ സുരക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് ശനിയാഴ്ച വൈകീട്ട് നാലിന് സ്റ്റേഡിയം ബസ്സ്റ്റാൻഡ് പരിസരത്ത് സായാഹ്നധർണ നടത്തും.

ജനജാഗ്രതാസമിതി, സോളിഡാരിറ്റി, പാലക്കാട് മുന്നോട്ട് എന്നീസംഘടനകൾ സംയുക്തമായാണ് ധർണ നടത്തുക.

മാരിയമ്മൻക്ഷേത്രത്തിൽ കട്ടിളവെപ്പ്

പാലക്കാട്: മേലാമുറി ശക്തിനഗർ പെരിയമാരിയമ്മൻ കോവിലിൽ രാജഗോപുരത്തിൻെറ കട്ടിള ശിലാസ്ഥാപനം ഞായറാഴ്ച നടക്കും. രാവിലെ 8.30നും 9.30നും മധ്യേയാണ് ശിലാസ്ഥാപനം.

തിരക്കൊഴിഞ്ഞ വാളയാർ സാധാരണനിലയിലേക്ക്

വാളയാർ: കഴിഞ്ഞ 30 ദിവസത്തെ തിരക്കിനും ഗതാഗതതടസ്സത്തിനുംശേഷം വാളയാർ സാധാരണനിലയിലേക്ക്. കൂടുതൽ കൗണ്ടറുകൾ തുറന്ന് ഉദ്യോഗസ്ഥരെ മറ്റുജില്ലകളിൽനിന്ന് കൊണ്ടുവന്നുള്ള സത്വരനടപടികളാണ് തിരക്കൊഴിയുന്നതിന് സഹായിച്ചത്.

ചരക്കുലോറികൾ തുടർച്ചയായി 40 മണിക്കൂർവരെ നിരയിൽ കിടന്നിരുന്നു. യാത്രാബസ്സുകളും ആംബുലൻസുകളും മണിക്കൂറോളം ഗതാഗതക്കുരുക്കിൽപ്പെട്ട് തങ്ങിയിരുന്നു.

വിവിധ രാഷ്ട്രീയപാർട്ടികളുടെ പ്രതിഷേധവും വാളയാറിൽ നടന്നു. തുടർന്നാണ് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് എല്ലാകൗണ്ടറുകളും തുറന്നുപ്രവർത്തിക്കാൻ അധികൃതർ നിർബന്ധിതരായത്. ജീവനക്കാർ എത്തിയതോടെ സംസ്ഥാനത്തിൻെറ പുറത്തേക്കുള്ള ചരക്കുഗതാഗതവും തടസ്സമില്ലാതെ നീങ്ങിത്തുടങ്ങി. അന്യസംസ്ഥാനങ്ങളിലുള്ള അയ്യപ്പഭക്തന്മാരുടെ വാഹനങ്ങളും സുഗമമായി കടന്നുപോകുന്നുണ്ട്.

സംസ്ഥാനത്തെ വലിയ ചെക്പോസ്റ്റായ വാളയാറിൽ ആധുനികസജ്ജീകരണങ്ങൾ ഒരുക്കി നവീകരിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്.

തിരക്കൊഴിഞ്ഞ വാളയാറിൽനിന്ന് ഒരുദൃശ്യം

വനഭൂമിയിൽനിന്ന് ഈട്ടിത്തടി കടത്തിയ സംഭവം: ഒരാൾകൂടി അറസ്റ്റിൽ

പാലക്കാട്: മലമ്പുഴ ചേമ്പനയിൽ വനഭൂമിയിൽനിന്ന് ഈട്ടിത്തടി കടത്തിയ സംഭവത്തിൽ ഒരാളെക്കൂടി വനംവകുപ്പധികൃതർ അറസ്റ്റ്ചെയ്തു. ചേമ്പനസ്വദേശി സുരേഷാണ് (35) പിടിയിലായത്. സംഭവവുമായി ബന്ധപ്പെട്ട് ഒരാളെ നേരത്തെ പിടികൂടിയിരുന്നു. കഴിഞ്ഞ ഒക്ടോബറിലാണ് തടികടത്തിയ സംഭവം. കടപുഴകിയ ഈട്ടിത്തടി ഇവിടെനിന്ന് മുറിച്ചുമാറ്റി കടത്തുകയായിരുന്നു. രാസപ്രയോഗത്തിലൂടെ മരം ഉണക്കിയതാണ് കടപുഴകാൻ കാരണമെന്ന് ആരോപണമുണ്ടായിരുന്നു. മുറിച്ച് കഷണങ്ങളാക്കിയ തടി കല്ലേപ്പുള്ളിയിലെ ഒരു മില്ലിൽ പോലീസ് കണ്ടെത്തി. പിന്നീട് വനംവകുപ്പധികൃതർ ഇവിടെനിന്ന് തടി പിടിച്ചെടുത്തു.

മോഷണക്കേസിലെ പ്രതി ഒമ്പതുവർഷത്തിനുശേഷം പിടിയിൽ

കഞ്ചിക്കോട്: ഹിന്ദുസ്ഥാൻ പെട്രോളിയംഗ്യാസ്കമ്പനിയുടെ കഞ്ചിക്കോട് ഫാക്ടറിയിൽനിന്ന് ചെമ്പുസാധനങ്ങൾ മോഷ്ടിച്ച കേസിൽ ഒളിവിലായിരുന്ന പ്രതി പിടിയിൽ. കൊഴിഞ്ഞാമ്പാറ മണിക്കാരൻചള്ള മോർക്കാരൻവീട്ടിൽ ജോൺ (ജോസഫ്-48) ആണ് വ്യാഴാഴ്ച പുലർച്ചെ വാളയാർപോലീസിൻെറ പിടിയിലായത്. 2002ൽ കമ്പനിയുടെ സ്റ്റോറിൽനിന്ന് 15,000 രൂപയുടെ ചെമ്പുസാധനങ്ങൾ മോഷ്ടിച്ചകേസിൽ പ്രതികളായ നാലുപേർ ഒളിവിലാണ്. വാളയാർപോലീസ് എസ്.ഐ. ജി.എസ്. സതീഷിന് ലഭിച്ച രഹസ്യവിവരത്തെത്തുടർന്നാണ് ജോണിനെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ്ചെയ്തു.

കാർത്തികഊട്ട് ഉത്സവം

പിരായിരി: കണ്ണടത്ത് ഭഗവതിക്ഷേത്രത്തിലെ കാർത്തികഊട്ട് ഉത്സവം ഡിസംബർ 6 മുതൽ 9 വരെ നടക്കും. 6ന് രാവിലെ 7ന് തന്ത്രി അണ്ടലാടി നാരായണൻനമ്പൂതിരിപ്പാടിൻെറ കാർമികത്വത്തിൽ കുംഭകലശാഭിഷേകം, 7ന് രാത്രി 8ന് പാങ്കളി, 9ന് നൃത്തനൃത്യങ്ങൾ, 8ന് രാത്രി 8.30ന് പാങ്കളി, 9.30ന് നാട്ടറിവ് നാടൻപാട്ടുകൾ എന്നിവയുണ്ടാകും. 9ന് രാവിലെ 6.30ന് കരിവേല ആരംഭം, 10ന് കാഴ്ചശീവേലി, 11ന് അന്നദാനം, വൈകീട്ട് 5ന് താലപ്പൊലിയോടെ എഴുന്നള്ളത്ത്, രാത്രി 8.30ന് പാങ്കളി, 10.30ന് മെഗാഷോ എന്നിവയുണ്ടാവും.

സൂചനാപണിമുടക്ക് നടത്തി

കഞ്ചിക്കോട്: ശമ്പളപരിഷ്കരണം നടത്താതെ തൊഴിലാളികളോട് നിഷേധാത്മകസമീപനം സ്വീകരിക്കുന്ന മാജ്മെൻറിനെതിരെ മാരിക്കോ എംപ്ലോയീസ് അസോസിയേഷൻ (ഐ.എൻ.ടി.യു.സി.) സൂചനാപണിമുടക്ക് നടത്തി. ഡി.സി.സി. ജനറൽസെക്രട്ടറി പി. ശിവദാസ് ഉദ്ഘാടനംചെയ്തു. അസോസിയേഷൻ പ്രസിഡൻറ് വി. രഞ്ജിത്ത് അധ്യക്ഷനായി.

ബ്ലോക്ക്കോൺഗ്രസ് പ്രസിഡൻറ് എസ്.കെ. അനന്തകൃഷ്ണൻ, ഐ.എൻ.ടി.യു.സി. ജില്ലാസെക്രട്ടറി മുരളീധരൻ, കെ.വി. നന്ദനൻ പുതുശ്ശേരി പഞ്ചായത്ത്പ്രസിഡൻറ് കെ.എൻ. ശ്രീദേവി, ബ്ലോക്ക്പഞ്ചായത്തംഗം എം. സ്റ്റാൻലി, പി. ലോറൻസ്, വി. ശശികുമാർ, എം. മുരളീധരൻ എന്നിവർ സംസാരിച്ചു.

ആംബുലൻസ്സർവീസ് ഉദ്ഘാടനംചെയ്തു

പാലക്കാട്: കേരള സാമൂഹ്യ സുരക്ഷാമിഷൻ പാലക്കാട് നഗരസഭയിൽ ആരംഭിച്ച വയോമിത്രംപദ്ധതിയുടെ ആംബുലൻസ്സർവീസ് ചെയർമാൻ എ. അബ്ദുൾഖുദ്ദൂസ് ഉദ്ഘാടനംചെയ്തു.
നഗരസഭയിൽ സ്ഥിരതാമസക്കാരായ 65നുമുകളിൽ പ്രായമുള്ള വർക്കുവേണ്ടിയാണ് പദ്ധതി. ഫോൺ: 938711889, 0491 2500096.

വാർഡ്സഭായോഗം

പാലക്കാട്: നരികുത്തി 17-ാം വാർഡ്സഭായോഗം നഗരസഭാ ചെയർമാൻ അബ്ദുൾഖുദ്ദൂസ് ഉദ്ഘാടനംചെയ്തു. വാർഡ് കൗൺസിലർ എ. നാസർ അധ്യക്ഷതവഹിച്ചു. ഹെൽത്ത് ഇൻസ്പെക്ടർമാരായ ജമാലുദ്ദീൻ, റിയാസുദ്ദീൻ എന്നിവരും നിഗിൽ കൊടിയത്തൂരും ക്ലാസെടുത്തു. കമ്യൂണിറ്റി ഓർഗനൈസർ സമീന, മുനിസിപ്പൽ മുസ്ലിംലീഗ് ജനറൽസെക്രട്ടറി എം.എം. സലീം, വാർഡ് പ്രസിഡൻറ് ഹസ്സൻ, യൂത്ത് കോൺഗ്രസ്മണ്ഡലം സെക്രട്ടറി ഫൈസൽറഹ്മാൻ എന്നിവർ പ്രസംഗിച്ചു.

എൻ.സി.സി. ദിനാചരണം

പാലക്കാട്: ഗവ. പോളിടെക്നിക് കോളേജിൽ എൻ.സി.സി. ദിനാചരണം നടത്തി. പ്രിൻസിപ്പൽ എം. ചന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. ദീപ ബിജു, അംബിക ദാസ്, എൻ.സി.സി. ഓഫീസർ എ. അനീഫ്, ജിബി കൃഷ്ണൻ, ബി. സുഭാഷ്, ആർ. സെൽവൻ, സി. ഷാനു എന്നിവർ സംസാരിച്ചു. ദേവാശ്രയം ചാരിറ്റബിൾ സൊസൈറ്റി, കാരുണ്യഭവൻ എന്നിവിടങ്ങളിൽ സന്ദർശനംനടത്തി.

മുല്ലപ്പെരിയാർ: സർക്കാരിന് വേഗം കുറവെന്ന് ജോസ് തെറ്റയിൽ

പാലക്കാട്: 'അതിവേഗം ബഹുദൂരം' എന്നുപറയുന്ന ഉമ്മൻചാണ്ടിയുടെ ഭരണത്തിന് മുല്ലപ്പെരിയാർ വിഷയത്തിൽ വേഗം കുറവാണെന്ന് മുൻമന്ത്രിയും ജനതാദൾ (എസ്) ദേശീയകമ്മിറ്റി അംഗവുമായ ജോസ് തെറ്റയിൽ പത്രസമ്മേളനത്തിൽ പറഞ്ഞു. ജനങ്ങളോടുള്ള നിഷേധാത്മകനിലപാടാണിത്.

ഈ പ്രശ്നത്തിൽ ഇപ്പോൾ ഹ്രസ്വദൂരമേ സർക്കാരിന് പോകാനായിട്ടുള്ളൂ. ഭരണവേഗം മാധ്യമങ്ങളിൽ മാത്രമാണ് കാണുന്നത്.

രാജ്യത്തെ ചെറുകിടവ്യാപാരികൾ ആഗോള കുത്തക ഭീമന്മാരുടെ ആക്രമണത്തെ നേരിടുകയാണ്. ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയതിന് സമമാണ് ആഗോള കുത്തകകളുടെ നീക്കം.

ബാങ്കുകൾ ദേശസാത്കരിച്ച ഇന്ദിരാഗാന്ധിയുടെ വാക്കുകൾപോലും ഇന്നത്തെ കോൺഗ്രസ്നേതൃത്വം അനുസരിക്കുന്നില്ല. ഇന്ന് പ്രധാനമന്ത്രിയും പാർട്ടി നേതൃത്വവും ബാങ്കുകളെയും കച്ചവടത്തെയുമെല്ലാം സ്വകാര്യവത്കരിക്കുകയാണെന്നും ജോസ് തെറ്റയിൽ ആരോപിച്ചു.

പ്രഭാകരൻെറ ഓർമയിലുണ്ട്, ഭോപ്പാലിൻെറ ദുരന്തമുഖം

പാടൂർ: പ്രഭാകരൻെറ ഓർമകളിൽനിന്ന് അത് വിട്ടുപോകില്ല; ഇടയ്ക്ക് ആ വിഷവാതക ദുരന്തത്തിൻെറ ചിത്രങ്ങൾ മനസ്സിൽ തെളിയും.

ഭോപ്പാലിലെ ദുരന്തമുഖത്തുനിന്ന് മണിക്കൂറുകളുടെ വ്യത്യാസത്തിൽ രക്ഷപ്പെട്ടതിൻെറ ആശ്വാസത്തെക്കാൾ നീറുന്ന നൊമ്പരമാണ് ഉള്ളിലിപ്പോഴും.

റോഡിൽ മരണത്തെ മുഖാമുഖംകണ്ട് മയങ്ങിക്കിടന്ന ഒരുപാടുപേരെ രക്ഷിച്ചു. സുഹൃത്തുക്കളും പരിചയക്കാരുമെല്ലാം മരണത്തിൻെറ പിടിയിലകപ്പെട്ടു. ഭോപ്പാൽ ദുരന്തത്തിന് 27 വയസ്സാകുമ്പോഴും പാടൂർ പീച്ചക്കോട്പ്രബിഷ ഭവനിലെ കെ.ടി.പ്രഭാകരൻെറ ഓർമകളിലും 'ഭോപ്പാലു'ണ്ട്.

ഭോപ്പാലിൽ അമേരിക്കൻ കമ്പനിയായ യൂണിയൻ കാർബൈഡിൽ എം.ഐ.സി. പ്ലാൻറിൽ അസി. ഫിറ്ററായിരുന്നു. 1984 ഡിസംബർ മൂന്നിന് പുലർച്ചെ പ്ലാൻറിൽ വിഷവാതകച്ചോർച്ചയുണ്ടാകുന്നതിന് മണിക്കൂറുകൾക്കുമുമ്പ് ജോലികഴിഞ്ഞ് താമസസ്ഥലത്തേക്ക് തിരിച്ചിരുന്നു. ഇതിനാൽ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടു. സഹപ്രവർത്തകരുടെ വിയോഗം പ്രഭാകരനെ തളർത്തി.

കെ.ടി.പ്രഭാകരൻ

കമ്പനി പൂട്ടിയതോടെ ജോലിയും നഷ്ടമായി. തുടർന്ന് നാട്ടിലെത്തിയപ്പോൾ ചുമട്ടുതൊഴിലാളിയായി.

1997 നവംബർ 3ന് പാടൂർ ആനവളവിൽ വീടുപണിക്കായി മാർബിൾകല്ലുകളിറക്കുമ്പോൾ ദേഹത്തുവീണ് പ്രഭാകരൻെറ ഇരുകാലുകളും ഒടിഞ്ഞു. മൂന്നുവർഷം മലർന്നുകിടന്നുമാത്രം ജീവിച്ചു. പിന്നീട് വലതുകാൽ മടങ്ങാതെയും ഇടതുകാലിന് സ്വാധീനവുമില്ലാതെയായി. ഇപ്പോൾ ഊന്നുവടിയുടെ സഹായത്താൽ നടക്കും.

പീച്ചക്കോട്ടിൽ വീടിനുസമീപം കാവശ്ശേരി ഗ്രാമപ്പഞ്ചായത്ത് അനുവദിച്ചുകൊടുത്ത പെട്ടിക്കട കൊണ്ടാണ് ഉപജീവനമാർഗം തേടുന്നത്. ഭാര്യ ഉഷയും വിദ്യാർഥികളായ പ്രബിഷ (24) പ്രബീഷ് (21) എന്നിവരും പ്രഭാകരൻെറ സഹായത്തിന് ഒപ്പമുണ്ട്.

പ്രഭാകരൻ 1997വരെ വർഷത്തിലൊരുതവണയെങ്കിലും ഭോപ്പാലിൽ പോയിരുന്നു. അപകടത്തിനുശേഷം പോകാൻ കഴിഞ്ഞിട്ടില്ല. ഭോപ്പാൽ ദുരന്തത്തിൻെറ ഭാഗമായി കമ്പനി 17 വർഷത്തിനുശേഷം 25,000 രൂപ ദുരിതാശ്വാസം നൽകിയതല്ലാതെ മറ്റൊന്നും ലഭിച്ചില്ലെന്ന് പ്രഭാകരൻ പറയുന്നു.

ദുരന്തമുഖത്തുനിന്ന് ഉയിർത്തെഴുന്നേറ്റ ഭോപ്പാലിൻെറ പുതിയമുഖം കാണാൻ പോകണമെന്നആഗ്രഹവുമായി കഴിയുകയാണ് ഈ അമ്പത്തിനാലുകാരൻ.

അട്ടപ്പാടി ആദിവാസിഭൂമി കൈമാറ്റം: വീണ്ടും റിപ്പോർട്ട് സമർപ്പിക്കണം

ഒറ്റപ്പാലം: അട്ടപ്പാടി ആദിവാസിഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് തഹസിൽദാർ എ.ഉണ്ണിക്കൃഷ്ണനോട് വീണ്ടും അന്വേഷണറിപ്പോർട്ട് സമർപ്പിക്കാൻ ഒറ്റപ്പാലം സബ്ഡിവിഷണൽ മജിസ്ട്രേറ്റുകൂടിയായ സബ്കളക്ടർ എ.കൗശികൻ ഉത്തരവായി.

നേരത്തെ സമർപ്പിച്ച റിപ്പോർട്ട് പൂർണമല്ലാത്തതിനാൽ തള്ളണമെന്ന് ഐ.ടി.ഡി.പി.ക്കുവേണ്ടി ഹാജരായ ഗവ. പ്ലീഡർ എം.ജയരാജിൻെറ ആവശ്യമനുസരിച്ചാണ് നടപടി.

തിരുവേഗപ്പുറയിൽ വിനോദസഞ്ചാരപദ്ധതികൾക്ക് 50 ലക്ഷം -മന്ത്രി അനിൽകുമാർ

കൊപ്പം: തിരുവേഗപ്പുറ പഞ്ചായത്തിൽ വിനോദസഞ്ചാരപദ്ധതികൾ നടപ്പാക്കുന്നതിന് ഒന്നാംഘട്ടമായി 50ലക്ഷം അനുവദിക്കുമെന്ന് മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു. പദ്ധതി സമർപ്പിച്ച ശേഷം ഇതിൻെറ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. തിരുവേഗപ്പുറപഞ്ചായത്തിനെ വിനോദസഞ്ചാരപദ്ധതികളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടാണ് മന്ത്രി എത്തിയത്. രായിരനല്ലൂർ മലപ്രദേശം, തിരുവേഗപ്പുറയിലെ തൂതപ്പുഴയോരം, ഭ്രാന്താചലം, ഭ്രാന്തൻകല്ല് എന്നിവിടങ്ങളിൽ മന്ത്രി സന്ദർശിച്ചു. സി.പി. മുഹമ്മദ് എം.എൽ.എ., ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് എം.എ. സമദ് എന്നിവരും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

മലയാളംപഠിക്കാൻ സാഹചര്യമുണ്ടാക്കണം -ഡോ. ഡി.ബാബുപോൾ

ഒറ്റപ്പാലം: കേന്ദ്രീയവിദ്യാലയങ്ങളിൽ മലയാളംപഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് മുൻ ചീഫ്സെക്രട്ടറി ഡോ. ഡി.ബാബുപോൾ. ഒറ്റപ്പാലം കേന്ദ്രീയവിദ്യാലയത്തിൻെറ രജതജൂബിലിയാഘോഷം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. കളക്ടർ കെ.വി.മോഹൻകുമാർ അധ്യക്ഷനായി. സബ്കളക്ടർ എ.കൗശികൻ, പ്രിൻസിപ്പൽ എ.പി.വിനോദ്കുമാർ, പി.ടി.എ. സെക്രട്ടറി സി.ആർ.രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഛർദിയും വയറിളക്കവും: ഇൻകംടാക്സ് സ്റ്റാഫ് ക്വാർട്ടേഴ്സിലെ 12 പേർ ചികിത്സതേടി

പാലക്കാട്: ചക്കാന്തറ ഇൻകംടാക്സ് സ്റ്റാഫ്ക്വാർട്ടേഴ്സിലെ കുട്ടികളടക്കമുള്ള 12 അന്തേവാസികൾ ഛർദിയും വയറിളക്കവുംബാധിച്ചതിനെത്തുടർന്ന് ജില്ലാ ആസ്പത്രിയിൽ ചികിത്സതേടി. വ്യാഴം, വെള്ളി ദിവസങ്ങളിലായാണ് അന്തേവാസികളിൽ ചിലർക്ക് ശാരീരികാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെട്ടത്.

ഡെപ്യൂട്ടി ഡി.എം.ഒ. ജയന്തി, ജില്ലാ മലേറിയഓഫീസർ എം.എസ്.ശശി, നഗരസഭാ ആരോഗ്യവിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ നാസർ, ടെക്നിക്കൽ അസിസ്റ്റൻറ് സി.സുബ്രഹ്മണ്യൻ തുടങ്ങിയവർ സ്ഥലംസന്ദർശിച്ചു. ക്വാർട്ടേഴ്സിലെ പൊട്ടിയ സെപ്റ്റിക്ടാങ്കിൽനിന്നോ മലിനമായ ജലത്തിലൂടെയോ ആകാം രോഗംവന്നതെന്ന് ജില്ലാ മലേറിയ ഓഫീസർ എം.എസ്.ശശി അറിയിച്ചു.

ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിൽ അനുശോചിച്ച് അഞ്ചുവിളക്ക് പരിസരത്തുചേർന്ന സർവകക്ഷിയോഗത്തിൽ ഡി.സി.സി. പ്രസിഡൻറ് സി.വി. ബാലചന്ദ്രൻ സംസാരിക്കുന്നു

ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിൽ അനുശോചിച്ച് പാലക്കാട് പ്രസ്ക്ലബ്ബിൽ ചേർന്ന യോഗത്തിൽ കളക്ടർ കെ.വി. മോഹൻകുമാർ സംസാരിക്കുന്നു

ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിൽ അനുശോചിച്ചു

പാലക്കാട്: മുതിർന്ന പത്രപ്രവർത്തകൻ ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിൽ കോട്ടമൈതാനം അഞ്ചുവിളക്ക് പരിസരത്തു ചേർന്ന സർവകക്ഷിയോഗം അനുശോചിച്ചു.

കക്ഷിരാഷ്ട്രീയത്തിനതീതമായി സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുകയും ഏവരെയും സ്നേഹിക്കുകയും ചെയ്തയാളാണ് ജോയ് ശാസ്താംപടിക്കലെന്ന് രാഷ്ട്രീയ നേതാക്കൾ അനുസ്മരിച്ചു.

ഷാഫി പറമ്പിൽ എം.എൽ.എ. യോഗം ഉദ്ഘാടനംചെയ്തു. ഡി.സി.സി. പ്രസിഡൻറ് സി.വി. ബാലചന്ദ്രൻ അധ്യക്ഷനായി. കയർബോർഡ് ചെയർമാൻ വി.എസ്. വിജയരാഘവൻ, കെ.എ. ചന്ദ്രൻ, എ. രാമസ്വാമി, വിജയൻ പൂക്കാടൻ (കോൺഗ്രസ്), പി. ഉണ്ണി (സി.പി.എം.), വി. ചാമുണ്ണി (സി.പി.ഐ.), എൻ. ശിവരാജൻ (ബി.ജെ.പി.), എം.എം. ഹമീദ് (മുസ്ലിംലീഗ്), അഡ്വ. കുശലകുമാരൻ (കേരള കോൺ-എം.), വി.ഡി. ഉലഹന്നാൻ (കേരള കോൺ-ജേക്കബ്), ടി.എൻ. ചന്ദ്രൻ (ആർ.എസ്.പി.), കെ. ആർ. ഗോപിനാഥൻ (എസ്.ജെ.ഡി.), ഓട്ടൂർ ഉണ്ണികൃഷ്ണൻ (എൻ.സി.പി.), കെ. ശിവപ്രകാശ് (കോൺഗ്രസ്-എസ്), പി.എസ്. മൊയ്തു (കേരള കോൺ-ബി), പി.ടി. വേണുഗോപാൽ (ആർ.എസ്.പി.-ബി), അഡ്വ. മുരളി താരേക്കാട്(സി.എം.പി.), പത്രപ്രവർത്തക യൂണിയൻ ജില്ലാസെക്രട്ടറി ഇ.എ. സുഭാഷ്, മുൻ നഗരസഭാധ്യക്ഷ പി.എ. രമണീബായി, പി. ശിവദാസൻ, പി.കെ. നാരായണൻ, കെ.പി. ലോറൻസ്, എം. കബീർ എന്നിവർ സംസാരിച്ചു.

പാലക്കാട്: ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിലൂടെ പത്രപ്രവർത്തനത്തിൻെറ കുലീനവും പ്രൗഢവുമായ പാരമ്പര്യത്തിൻെറ കണ്ണിയാണ് നഷ്ടപ്പെട്ടിരിക്കുന്നതെന്ന് എം.ബി. രാജേഷ് എം.പി. അനുസ്മരിച്ചു.

പ്രസ്ക്ലബ്ബ് അനുശോചിച്ചു

പാലക്കാട്: ജോയ് ശാസ്താംപടിക്കലിൻെറ നിര്യാണത്തിൽ അനുശോചിച്ച് പ്രസ്ക്ലബ്ബിൽ യോഗംചേർന്നു. പത്രപ്രവർത്തകയൂണിയൻ ജില്ലാപ്രസിഡൻറ് വി. ഹരിഗോവിന്ദൻ അധ്യക്ഷതവഹിച്ചു.

പത്രപ്രവർത്തക യൂണിയൻ ജില്ലാസെക്രട്ടറി ഇ.എസ്. സുഭാഷ്, മാതൃഭൂമി ന്യൂസ്എഡിറ്റർ പി.കെ. സുരേന്ദ്രൻ, പട്ടത്താനം ശ്രീകണ്ഠൻ, പി.വി. പങ്കജാക്ഷൻ, ടി.വി. ചന്ദ്രശേഖരൻ, കെ. പദ്മഗിരീഷ്, എൻ.എ.എം. ജാഫർ, പ്രസ്ക്ലബ്ബ് മുൻപ്രസിഡൻറുമാരായ ജോർജ് പൊടിപ്പാറ, ഷില്ലർ സ്റ്റീഫൻ, മഹാത്മ സ്റ്റഡിസർക്കിൾ ചെയർമാൻ പി.കെ. നാരായണൻ, എം.എ. ജോൺസൺ എന്നിവർ പ്രസംഗിച്ചു.

പാങ്ങലിൽ നാട്ടുകാരെ വട്ടംകറക്കി കോട്ടെരുമ

പുതുപ്പരിയാരം: കോട്ടെരുമശല്യം രൂക്ഷമാകുന്നതിനാൽ പാങ്ങലിലും പരിസരങ്ങളിലുമുള്ള നൂറുകണക്കിനാളുകൾ ബുദ്ധിമുട്ടുന്നു. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണിൽനിന്ന് വരുന്ന കോട്ടെരുമകൾ പ്രദേശത്തെ വീടുകളിൽ നിറഞ്ഞിരിക്കയാണ്. പ്രദേശത്തെ വീടുകളിലിരുന്ന് ഭക്ഷണംകഴിക്കാൻ പോലും പറ്റാത്ത അവസ്ഥയാണ്. ഉറങ്ങുമ്പോൾ ചെവിയിലും മൂക്കിലും കടക്കുന്ന പ്രാണികൾ വസ്ത്രങ്ങളിലടക്കം പറ്റിപ്പിടിച്ചുനിൽക്കുകയാണ്. കഴിഞ്ഞദിവസംമുതൽ എഫ്.സി.ഐ. ഗോഡൗണിൽ അരിച്ചുവരുന്ന കോട്ടെരുമകളെ സ്പ്രേചെയ്തും ദിവസേന രാവിലെ 11 മണിയോടെ രാസവസ്തുക്കളിട്ട് ചാക്കുകെട്ടുകൾ മൂടിവെച്ചും കോട്ടെരുമകളെ നശിപ്പിക്കുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു. കോട്ടെരുമകളുടെ എണ്ണം കാലാവസ്ഥാ വ്യതിയാനത്തിലൂടെയാണ് വർധിക്കുന്നതെന്നും ഒരാഴ്ചയോടെ ഇത് നിയന്ത്രണവിധേയമാകുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

ചിത്രകലാക്യാമ്പ്

കടമ്പഴിപ്പുറം: ടാഗോർഫെസ്റ്റിവലിനോടനുബന്ധിച്ച് ത്രിദിന ചിത്രകലാക്യാമ്പും ചിത്രപ്രദർശനവും കടമ്പഴിപ്പുറത്ത് ശനിയാഴ്ച തുടങ്ങും. നാട്യശാസ്ത്രയുടെ രംഗപീഠത്തിൽ രാവിലെ 10ന് നാടകകൃത്തും ചിത്രകാരനുമായ തുപ്പേട്ടൻ ഉദ്ഘാടനംചെയ്യും.

ജയൻറ്സ്ഗ്രൂപ്പ് കഞ്ചിക്കോട് ഫെഡറേഷൻ വാർഷികാഘോഷം കെ.അച്യുതൻ എം.എൽ.എ. ഉദ്ഘാടനംചെയ്യുന്നു

ജയൻറ്സ്ഗ്രൂപ്പ് വാർഷികാഘോഷം

കഞ്ചിക്കോട്: ജയൻറ്സ് ഗ്രൂപ്പ് കഞ്ചിക്കോട് ഫെഡറേഷൻ ഒന്നാംവാർഷികം കെ. അച്യുതൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുതുശ്ശേരി ഗ്രാമപ്പഞ്ചായത്ത് വൈസ്പ്രസിഡൻറ് എസ്.ടി.അനന്തകൃഷ്ണൻ അധ്യക്ഷതവഹിച്ചു.

പഞ്ചായത്തിലെ 100 അങ്കണവാടികുട്ടികൾക്ക് സൗജന്യമായി യൂണിഫോമുകൾ വിതരണംചെയ്തു. പഞ്ചായത്തംഗം എം.നടരാജൻ, ജയൻറ്സ് ഗ്രൂപ്പ് ഭാരവാഹികളായ എസ്.കെ. ജയകാന്തൻ, വി.ചെന്താമര, ചെന്താമരാക്ഷൻ, ഗോപാലകൃഷ്ണൻ, ഭവദാസ് എന്നിവർ സംസാരിച്ചു.

റവന്യുജില്ല പ്രവൃത്തിപരിചയമേള മത്സരഫലങ്ങൾ

യഥാക്രമം ഒന്നും രണ്ടും സ്ഥാനം നേടിയവർ: ഹയർസെക്കൻഡറിവിഭാഗം പാവനിർമാണം: എം.ജംഷിത (എ.എസ്.എം.എച്ച്.എസ്. ആലത്തൂർ), കെ.എസ്.സൗമ്യ (ജി.എച്ച്.എസ്.എസ്. ചാത്തനൂർ). സമീകൃത പാചക നിർമാണം: ഡി.റീന (കെ.കെ.എം.എച്ച്.എസ്.എസ്. വണ്ടിത്താവളം), വി. വിനിത (പഞ്ചായത്ത് എച്ച്.എസ്.എസ്. പെരുമാട്ടി) കുടനിർമാണം: ഇ.അഫ്സൽ (ജി.എച്ച്.എസ്.എസ്. ചെർപ്പുളശ്ശേരി), എസ്.ചിഞ്ചിത (കാണിക്കമാത എച്ച്.എസ്.എസ്. പാലക്കാട്), ബുക്ക്ബൈൻഡിങ്: വി.ടി.സിദ്ദിഖ് സർബാസ് (ജി.എച്ച്.എസ്.എസ്. ചെർപ്പുളശ്ശേരി), എൻ.എ. ജസീംസാജിദ് (എം.ഇ.എസ്.എച്ച്.എസ്.എസ്. മണ്ണാർക്കാട്), ബഡ്ഡിങ്, ലേയറിങ്, ഗ്രാഫ്റ്റിങ്: നീതുജോസ് (ജി.ജി.എച്ച്.എസ്.എസ്. വടക്കഞ്ചേരി). എസ്. അനിൽ (എ.ഇ.എം.എച്ച്.എസ്.എസ്. കഞ്ചിക്കോട്). പാവനിർമാണം: കൃഷ്ണപ്രിയ സുരേന്ദ്രൻ (സെൻറ് തെരേസാസ് എച്ച്.എസ്.എസ്. ഷൊറണൂർ), വി.ശ്രുതി (ടി.ആർ.കെ.എച്ച്.എസ്.എസ്. വാണിയംകുളം). പഴം സംസ്കരണം: ആഷ്ലി ടോം (എം.ഇ.എസ്.എച്ച്.എസ്.എസ്. മണ്ണാർക്കാട്), കെ.എം.കരിഷ്മ (ജി.എച്ച്.എസ്. കരിമ്പ), പപ്പടംടി: ഫ്ലെമിങ്രാജ് (ജി.എച്ച്.എസ്.എസ്.നെന്മാറ). പി. സി.അഞ്ജു (എം.ഇ.എസ്. എച്ച്.എസ്.എസ്. മണ്ണാർക്കാട്). എംബ്രോയ്ഡറി: ലേഖ ഖാലിദ് (സെൻറ് തെരേസാസ് എച്ച്.എസ്.എസ്. ഷൊറണൂർ), എ.ഫർസാന (ബിഗ്ബസാർ എച്ച്.എസ്.എസ്. പാലക്കാട്), പ്ലാസ്റ്റർ ഓഫ് പാരിസ് മോൾഡിങ്: എം.വി.ശ്രുതി (എൽ.എസ്.എൻ.ജി.എച്ച്.എസ്.എസ്. ഒറ്റപ്പാലം), എ.ഷഹനാസ് (ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ). ക്ലേ മോഡലിങ്: പി.കെ.വിഷ്ണു (ജി.എച്ച്.എസ്.എസ്. കുമരംപുത്തൂർ). പി.ബി.യദുകൃഷ്ണൻ (ജി.എച്ച്.സെ്. കുമരംപുത്തൂർ . വുഡ്കാർവിങ്: കെ.ലിജീഷ് (ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി), എ.അരുൺരാജ് (റെയിൽവേ എച്ച്.എസ്.എസ്. പാലക്കാട്). ചോക്ക്നിർമാണം: കെ.അഖിലദാസ് (ജി.എച്ച്.എസ്.എസ്. ഒറ്റപ്പാലം ഈസ്റ്റ്), എം.പവീൻ (ജി.എച്ച്.എസ്. പെരുങ്ങോട്ടുകുറുശ്ശി). പാഴ്വസ്തു ഉത്പന്നം: വി.പി.മുഹമ്മദ്റാഫി (എം.ഇ.ടി.ഇ.എം.എച്ച്.എസ്.എസ്. മണ്ണാർക്കാട്), എ.കെ.അഫ്നാൻ (ബി.എസ്.എസ്.ജി.എച്ച്.എസ്.എസ്. ആലത്തൂർ). ഗാർമെൻറ് നിർമാണം: എം.മിദുല (ജി.എച്ച്.എസ്. കരിമ്പ), എസ്.സന്ധ്യ (ജി.എം.എം.ജി.എച്ച്.എസ്.എസ്. പാലക്കാട്), ത്രെഡ്പാറ്റേൺ: ഗീത ഉണ്ണികൃഷ്ണൻ (ജി.എച്ച്.എസ്.എസ്. ചാത്തന്നൂർ), കെ.ഖദീജ (എൽ.എസ്.എൻ.ജി.എച്ച്.എസ്.എസ്. ഒറ്റപ്പാലം). വുഡ്വർക്ക്: പി.ആർ. ഹരിപ്രസാദ് (എച്ച്.എസ്.എസ്.ചളവറ), പി.മിബിൻ (ജി.എച്ച്.എസ്.എസ്. ഒറ്റപ്പാലം ഈസ്റ്റ്). ഫൈബർ വർക്ക് യൂസിങ് നാച്വറൽ ഫൈബർ: നിമ്മി ശ്രീധരൻ (ജി.ജി.എച്ച്.എസ്.എസ്. വടക്കഞ്ചേരി). വി.കെ.സ്വാലിഹ (എച്ച്.എസ്.എസ്. ചളവറ). പേപ്പർ ക്രാഫ്റ്റ്.കെ.മിഥുൻ (എച്ച്.എസ്.എസ്. ചളവറ), കെ.റിനു (ബി.എസ്.എസ്.ജി.എച്ച്.എസ്.എസ്., ആലത്തൂർ), ഫാബ്രിക് പെയിൻറിങ്: എസ്.ആദിശ്രീ (ജി.വി.ജി.എച്ച്.എസ്.എസ്. ചിറ്റൂർ), ബി.അപർണ (പരുതൂർ എച്ച്.എസ്.പള്ളിപ്പുറം), കാർഡ് ആൻഡ് സ്ട്രാ ബോർഡ് പ്രോഡക്ട്: വി.അനിൽ (എം.എൻ.കെ.എം ജി.എച്ച്.എസ്.പുലാപ്പറ്റ) പി.യു. അരുൺദാസ് (കെ.സി.പി.എച്ച്.എസ്.എസ്. കാവശ്ശേരി), ബാംബു പ്രോഡക്ട്സ് രതീഷ് (ജി.എച്ച്.എസ്.എസ് തേങ്കുറുശ്ശി), അഗസ്റ്റ്യൻ സിറിയക് (ജി.എച്ച്.എസ്.കാരാകുറുശ്ശി), ഇലക്ട്രോണിക്സ് ജിജോആനന്ദ് (എ.ഇ.എം.എച്ച്.എസ്.എസ്.കഞ്ചിക്കോട്), ജി.സാരംഗ്ദേവ് (ജി.എച്ച്.എസ്.എസ്.ചെർപ്പുളശ്ശേരി), മെറ്റൽ എൻഗ്രേവിങ്.എം. അമൃതപ്രിയ (ജി.എച്ച്.എസ്.അലനല്ലൂർ), പി.അജയ്വിജയൻ (ജി.എച്ച്.എസ്.എസ് കുമാരനല്ലൂർ), ചന്ദനത്തിരിനിർമാണം എം.എസ്.സരിഗ സിത്താര (കെ.എച്ച്.എസ്.എസ് തോട്ടര), വി.കെ.ദീപ്തി (ജി.ജി.എച്ച്.എസ്.എസ്.കുമാരനല്ലൂർ), ഷീറ്റ്മെറ്റൽ വർക്ക്, വി.രാഹുൽരാജ് (ടി.എച്ച്.എസ്. ഷൊറണൂർ), ഷിജു ഗംഗാധരൻ (എച്ച്.എസ്.അനങ്ങനടി).

എൽ.പി.വിഭാഗം: ഫാബ്രിക്പെയിൻറിങ്: 1. അഞ്ജലി ജി. (ബി.എസ്.എസ്.ജി.എച്ച്.എസ്.എസ്. ആലത്തൂർ), സ്നേഹ പി. (ജെ.ബി.എസ്. കടമ്പഴിപ്പുറം)

എംബ്രോയ്ഡറി: അസ്ന ഷെറിൻ സി (എ.ജെ.ബി.എസ്. പടിഞ്ഞാറെക്കര), അശ്വതി സി.കെ. (സെൻറ് തെരേസാസ്, എൽ.പി.എസ്.ഷൊറണൂർ), **ബീഡ് വർക്ക്:** ഷിബില കെ.ഇ. (എസ്.വി.എം.എ.എൽ.പി.എസ്. നാമ്പുള്ളിപ്പുര, പറളി), സഫ്ന ടി. (ബി.കെ.എം.എൽ.പി.എസ്. കൂടല്ലൂർ), **മുള ഉത്പന്ന നിർമാണം:** നിരഞ്ജന കെ.പി. (ബി.കെ.എം.എൽ.പി.എസ്. കൂടല്ലൂർ), കീർത്തന കെ. (ജി.എൽ.പി.എസ്. ഇളുമ്പശ്ശേരി). **ഫാബ്രിക് പെയിൻറിങ് യൂസിങ് വെജിറ്റബിൾസ്:** സാന്ദ്ര വർഗീസ് (ജെ.സി.എം.എ.എൽ.പി.എസ്. അരപ്പാറ), അഭിജിത്ത് സി.ടി. (എ.എൽ.പി.എസ്. തൃക്കടീരി)

മെറ്റൽ എൻഗ്രേവിങ്: ബിൻഷ പി (ജി.യു.പി.എസ്. ചളവറ), സന്ധ്യ കെ (ആരോഗ്യമാത എൽ.പി.എസ്. കോട്ടത്തറ), **ക്ലേ മോഡലിങ്:** ദീപക് കെ (ജി.എൽ.പി.എസ്. തിരുവിഴാംകുന്ന്), കണ്ണൻ ജി. (ജി.വി.എൽ.പി.എസ്. ചിറ്റൂർ), **വോളിബോൾ/ബാഡ്മിൻറൺ നെറ്റ് മേക്കിങ്:** ദിവ്യ എസ്. നായർ (എ.എൽ.പി.എസ്. മണ്ണമ്പറ്റ), ഫസീല എഫ്. (ജി.യു.പി.എസ്. നല്ലേപ്പിള്ളി), **പേപ്പർക്രാഫ്റ്റ്:** നസ്ല ഷെറിൻ സി.ടി. (ജി.യു.പി.എസ്. പട്ടാമ്പി), അശ്വിൻ പി. ദാസ് (കെ.വി.യു.പി.എസ്. കയ്ലിയാട്),

ഫലമറിയാൻ മണിക്കൂറുകളുടെ കാത്തിരിപ്പ്

നെന്മാറ: റവന്യുജില്ല ശാസ്ത്രമേളയുടെ ഫലമറിയാൻ മണിക്കൂറുകളുടെ കാത്തിരിപ്പ്. ഫലം പുറത്തുവന്നശേഷംതന്നെ പ്രഖ്യാപനത്തിന് വീണ്ടും സമയമെടുത്തു. വ്യാഴാഴ്ചവൈകീട്ട് മൂന്നിന് അവസാനിച്ച തത്സമയ പ്രവൃത്തിപരിചയമേളയുടെ മുഴുവൻഫലവും വെള്ളിയാഴ്ച മൂന്നോടെയാണ് അറിവായത്. വെള്ളിയാഴ്ചനടന്ന ശാസ്ത്രമേളയുടെഫലം പുറത്തുവന്നതും ഏറെവൈകിയാണ്.

ശാസ്ത്രമേളയിൽ വിദ്യാർഥികൾ ഒരുക്കിയ കൗതുക കാഴ്ചയും കണ്ടെത്തലുകളും മറ്റുവിദ്യാർഥികൾക്കും നാട്ടുകാർക്കും കാണാനുള്ള അവസരം വേണ്ടരീതിയിൽ ഉണ്ടായില്ലെന്നും പരാതിയുയർന്നു. സ്ഥലത്തിൻെറ കുറവാണ് ഇതിന് കാരണമായത്.

മാതൃസമിതി

ഒലവക്കോട്: മുത്തംപാളയം മാരിയമ്മൻ ക്ഷേത്രത്തിൽ മാതൃസമിതി രൂപവത്കരിച്ചു. ഭാരവാഹികൾ: ദേവിക (പ്രസി.), ജ്യോതിലക്ഷ്മി (വൈ. പ്രസി.), ഗീത (സെക്ര.), വിജയലക്ഷ്മി (ജോ. സെക്ര.). ക്ഷേത്രംട്രസ്റ്റ് ചെയർമാൻ രമേഷ്മേനോൻ അധ്യക്ഷതവഹിച്ചു. ദേവിക, ഗീത, വി.പി. സുനിൽകുമാർ എന്നിവർ സംസാരിച്ചു.

ചരമം



മാധവി

അയിലൂർ: അരിയക്കോട് പരേതനായ ശിവരാമൻെറ ഭാര്യ മാധവി (75) അന്തരിച്ചു. മക്കൾ: രാധാകൃഷ്ണൻ, ബേബി, ശാന്ത, വസന്ത. മരുമക്കൾ: സുന്ദരൻ, കൃഷ്ണൻകുട്ടി, ആറുമുഖൻ.



പൊന്നമ്മ പിഷാരസ്യാർ

മറിയപ്പള്ളി: മലയാള മനോരമ മുൻ പത്രാധിപസമിതി അംഗം പരേതനായ കെ.പി.കെ. പിഷാരടിയുടെ ഭാര്യ പൊന്നമ്മ പിഷാരസ്യാർ (92) അന്തരിച്ചു. മക്കൾ: പരേതനായ ഹരിദാസ്, നിർമ്മല, അശോക്കുമാർ, മണി, സുജാത, ലതിക, ഗീത. മരുമക്കൾ: തങ്കമണി (കണ്ടിയൂർ), രാമചന്ദ്രൻ (ബോംബെ), ശാന്ത (മറിയപ്പള്ളി), രാധ (ചൊവ്വര), രാമനാഥൻ (ബോംബെ), രാമൻകുട്ടി (കോഴിക്കോട്). ശവസംസ്കാരം ശനിയാഴ്ച രണ്ടിന് മറിയപ്പള്ളി നളന്ദ വീട്ടുവളപ്പിൽ.

നവവധു വിഷംഉള്ളിൽച്ചെന്ന് മരിച്ചനിലയിൽ

പാലക്കാട്: നവവധുവിനെ വിഷം ഉള്ളിൽച്ചെന്ന് മരിച്ചനിലയിൽ കണ്ടെത്തി. തത്തമംഗലംസ്വദേശി മേലാമുറി ഉണ്ണിക്കണ്ണൻെറ ഭാര്യ ശ്രീദേവി (24)യെയാണ് വെള്ളിയാഴ്ച വിഷംകഴിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് ജില്ലാ ആസ്പത്രിയിലെത്തിച്ചെങ്കിലും മരിച്ചു. ഇരുപതുദിവസം മുമ്പാണ് ഉണ്ണിക്കണ്ണൻെറയും ശ്രീദേവിയുടെയും വിവാഹം കഴിഞ്ഞത്. സംഭവത്തെത്തുടർന്ന് ഭർതൃവീട്ടുകാർക്കെതിരെ കേസെടുത്തതായി നോർത്ത്പോലീസ് അറിയിച്ചു.

• ഇന്നത്തെ സിനിമ •

പ്രിയദർശിനി (DTS) ഇന്നാണ് ആ കല്യാണം (3) N.S.: പാച്ചുവും, കോവാലനും
പ്രിയ (DTS)Res.10-5.Ph: 2531818: സ്വപ്നസഞ്ചാരി (മ 4) -ജയറാം, സംവൃതാസുനിൽ
പ്രിയതമ A/c DTS Res - 10am 5pm: Dirty Picture (4)
സത്യ A/c(DTS) : Ph: 9446725901 മയക്കം എന്ന (ത 4) -ധനുഷ്
രാമുസിനിഹൗസ്: (QUBE DTS): Dam 999 (E 4)
ശ്രീദേവിദുർഗ്ഗ: Reservation 8590393131, 0491-3264990
A/c DTS: പോരാളി (ത 4) -ശശികുമാർ, സ്വാതി

എലപ്പുള്ളി ജഗദാംബിക: ട്രാൻസ്ഫോർമേർസ് Part 3 (E 3)
ചിറ്റൂർ: ചിത്രാഞ്ജലി (DTS): ഏഴാംഅറിവ് -സൂര്യ 2.30, 6, 9
സൗദാംബിക (DTS): മാർക്കണ്ഡേയൻ (ത 3)
കൊഴിഞ്ഞാമ്പാറ വൃന്ദാവൻ (DTS UFO): പോരാളി (Release) (ത 4) ശശികുമാർ
കൊല്ലങ്കോട് തങ്കം: (DTS): Dirty Picture (ത 3)
കൊല്ലങ്കോട് തങ്കരാജ് Qube Cinema dts: പോരാളി (3) -ശശികുമാർ
ഗായത്രി: Qube DTS: വേലായുധം (4) വിജയ് Release Programme
ആലത്തൂർ അശ്വതി (UFO DTS): വേലായുധം -വിജയ് (3)
കോട്ടായി രമ്യ: (Digital Ultra Sterio) 07403163767: ഉലകം ചുറ്റും വാലിബൻ (മ - 3) 2.30, 6.15, 9.30
തൃപ്പാളൂർ സ്നേഹ: UFO DTS : എങ്കേയും എപ്പോതും (ത 4)
വടക്കഞ്ചേരി ജയഭാരത്: മയക്കം എന്ന (ത 4)
വടക്കഞ്ചേരി ജയഭാരത് മൂവീസ് (A/c) ബ്യൂട്ടിഫുൾ (മ 4)
ശ്രീരാമ: UFO: വിത്തകൻ (ത 4) -പാർഥിപൻ
തങ്കം: DTS QUBE: സ്വപ്നസഞ്ചാരി (മ 4)
ശോഭ: UFO: The Dirty Picture (ത 4)
കെ.എ.എം. മൂവിമാക്സ് ആശീർവാദ്: A/c DTS Cube പോരാളി (ത 4)
പുതുക്കോട് മഹേശ്വരി: മങ്കാത്ത -അജിത്ത്, ലക്ഷ്മിറായ് (ത 3)
പത്തിരിപ്പാല സി.കെ.എം. സൺസ് മൂവീസ് DTS: UFO DTS: സ്നേഹവീട് (മ 4) -മോഹൻലാൽ, പത്മപ്രിയ
മങ്കര ദേവി: (UFO DTS): ഉലകം ചുറ്റും വാലിബൻ -ജയറാം (3)

• ക്ഷേത്രോത്സവം •

- വടക്കഞ്ചേരി കൊടിക്കാട്ട് ഭഗവതിക്ഷേത്രത്തിലെ മണ്ഡലവിളക്കുത്സവം. ദാരികവധംപാട്ട് രാവിലെ 8.00, കളംപാട്ട് രാത്രി 8.00.
- കാവശ്ശേരി അയ്യപ്പക്ഷേത്രത്തിൽ സമ്പൂർണ നാരായണീയ പാരായണം. 8മുതൽ 5വരെ, തുടർന്ന് ഭജന.
- കാവശ്ശേരി കൊങ്ങാളക്കോട് ശ്രീകൃഷ്ണക്ഷേത്രത്തിൽ ഏകാദശിയുത്സവം. നിറമാല, ദീപാലങ്കാരം, നാദസ്വരക്കച്ചേരി വൈകീട്ട് 5.00.
- എരിമയൂർ മരുതക്കോട് നമ്പൂരിമുത്തൻക്ഷേത്രത്തിൽ അയ്യപ്പൻവിളക്ക്. പൂജകൾ, പാലക്കൊമ്പെഴുന്നള്ളിപ്പ്, ഇടുക്കടിപ്പാട്ട്, വൈകീട്ട് ഭജന.
- കൊടുമ്പ് തിരുവാലത്തൂർ രണ്ടുമൂർത്തി ഭഗവതിക്ഷേത്രത്തിൽ കാർത്തികവിളക്ക് ഉത്സവത്തോടനുബന്ധിച്ച് തായമ്പക. രാത്രി 8.30, എഴുന്നള്ളത്ത് 9.00.
- പാലക്കാട് ഡി.പി.ഒ. റോഡ് അയ്യപ്പക്ഷേത്രത്തിൽ സംഗീതക്കച്ചേരി വൈകീട്ട് 6.00.
- തേനൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ തൃക്കാർത്തിക ഉത്സവം കൊടിയേറ്റം. രാവിലെ 9.40, നൃത്തസന്ധ്യ വൈകീട്ട് 7.00.
- പഴയകല്പാത്തി ലക്ഷ്മീനാരായണപെരുമാൾ ക്ഷേത്രത്തിൽ രാമായണ ഉപന്യാസം വൈകീട്ട് 4.00, 7.00.
- മാങ്കുറുശ്ശി ഭഗവതിക്ഷേത്രത്തിലെ കാർത്തികവിളക്കുത്സവത്തോടനുബന്ധിച്ച് നൃത്തനൃത്യങ്ങൾ വൈകീട്ട് 7.00.

• ഇന്നത്തെ പരിപാടി •

- മംഗലംഡാം സെൻറ്മേരീസ് യാക്കോബായപള്ളിയിൽ പെരുന്നാളാഘോഷം. വിശുദ്ധ കുർബാന രാവിലെ 8.30, പ്രദക്ഷിണം 11.00.
- എം.എ. പ്ലൈ ഫൗണ്ടേഷൻെറയും ജെ.സി.ഐ. പാലക്കാട് ചാപ്റ്ററിൻെറയും ആഭിമുഖ്യത്തിൽ മുഖവൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള സൗജന്യ വൈദ്യപരിശോധനാക്യാമ്പ്. കൊപ്പം ജി.എൽ.പി. സ്കൂൾ 10.00.
- കേരള പ്രൈവറ്റ് (എയിഡഡ്) സ്കൂൾ മാനേജ്മെൻറ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ സ്കൂൾ മാനേജർമാർക്ക് പഠനക്ലാസ്. കൊടുവായൂർ എ.എം.എസ്.എം.എം. ടി.ടി.ഐ. 10.00.
- റവന്യുജില്ല സ്കൂൾശാസ്ത്രമേള സമാപനസമ്മേളനം. നെന്മാറ ജി.ജി.വി.എച്ച്.എസ്.എസ്., ജി.ബി.എച്ച്.എസ്.എസ്. 4.00.
- കേരള ലാൻഡ് ഏജൻറ്സ് അസോസിയേഷൻ ജില്ലാസമ്മേളനം. മണ്ണാർക്കാട് അമ്പാടത്ത് കോൺഫറൻസ്ഹാൾ 11.00.
- കടമ്പഴിപ്പുറം നാട്യശാസ്ത്രയുടെയും ശ്രീകൃഷ്ണപുരം കാഴ്ചയുടെയും സംയുക്താഭിമുഖ്യത്തിൽ ടഗോർ ഫെസ്റ്റിവൽ ചിത്രപ്രദർശനം. ചിത്രരചനാക്യാമ്പ് കടമ്പഴിപ്പുറം ആസ്പത്രി ജങ്ഷന്സമീപം 10.30.
- ജില്ലാ വെറ്ററൻസ് അസോസിയേഷൻ യോഗം. പാലക്കാട് ടൗൺഹാൾ പരിസരം 5.00.
- ജില്ലാ ഖൊ-ഖൊ അസോസിയേഷൻെറയും പടലിക്കാട് ഫെയിം സ്പോർട്സ് ക്ലബ്ബിൻെറയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാന സബ്ജൂനിയർ ഖൊ-ഖൊ ചാമ്പ്യൻഷിപ്പ്. കൊട്ടേക്കാട് പടലിക്കാട് ജി.എൽ.പി.സ്കൂൾ മൈതാനം 4.00.